## ബാർ കൌൺസിൽ ഓഫ് കേരളയിൽ KYC രെജിസ്ട്രേഷൻ നടത്താനും COP അപ്ലിക്കേഷൻ ഫയൽ ചെയ്യാനുമുള്ള നിർദേശങ്ങൾ

ബാർ കൌൺസിൽ ഓഫ് ഇന്ത്യയുടെ 2015 ലെ സർട്ടിഫിക്കറ്റ് ഓഫ് പ്രാക്ടീസ് ആൻഡ് വെരിഫിക്കേഷൻ റൂൾസ് അനുസരിച് 15-08-2022 വരെ cop അപ്ലിക്കേഷൻ ഫയൽ ചെയ്യാത്തവരുടെ ലിസ്റ്റ് ബാർ കൌൺസിൽ വെബ്സൈറ്റിൽ 01-10-2022ന് പ്രസിധപ്പെടുത്തിയിരുന്നു. കൂടാതെ അതാത് അസോസിയേഷൻ വഴിയും ലിസ്റ്റ് അയച്ചിട്ടുണ്ട്. ഈ ലിസ്റ്റിൽ പേര് ഉള്ളവർ ഇനിയും COP അപേക്ഷ ഫയൽ ചെയ്തിട്ടില്ല എങ്കിൽ അവർക്ക് ബാർ കൌൺസിൽ വെബ്സൈറ്റ് മുഘേന അതിൽ പറഞ്ഞിരിക്കുന്ന സമയപരിധിക്കുള്ളിൽ ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

COP അപേക്ഷ ഫയൽ ചെയ്യുന്നത് സംബന്ധിച് നിങ്ങളുടെ അറിവിലേക്കായി ഏതാനും കാര്യങ്ങൾ താഴെ ചേർക്കുന്നു.

**CoP അപേക്ഷ സമർപ്പിക്കേണ്ടവർ;**

1. ബാർ കൌൺസിൽ ഓഫ് കേരളയിൽ എൻറോൾ ചെയ്ത് ഓൾ ഇന്ത്യ ബാർ എക്സാമിനേഷൻ ബാധകമല്ലാത്ത 2010 ജൂലൈക്ക് മുമ്പ് LLB പാസ്സായ എല്ലാവരും.
2. ഓൾ ഇന്ത്യ ബാർ എക്സാമിനേഷൻ പാസ്സ് ആയി അഞ്ചു വർഷം പൂർത്തിയായവർ.

**Cop അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യേണ്ട ഡോക്യൂമെന്റസ്;**

1. അഡ്വക്കേറ്റ് robes ഇൽ ഉള്ള പാസ്സ് പോർട്ട് സൈസ് ഫോട്ടോഗ്രാഫ്
2. LLB Degree Certificate
3. **FORM A Column III** ഡൌൺലോഡ് ചെയ്ത് ബാർ അസോസിയേഷൻ ഭാരവാഹികളെ കൊണ്ട് certify ചെയ്ത് അപ്ലോഡ് ചെയ്യുക. ബാർ അസോസിയേഷൻ മെമ്പർഷിപ് ഇല്ലാത്തവർ Form A Column III certify ചെയ്യേണ്ടത് നിലവിലെ ബാർ കൗൺസിലിലെ തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള മെമ്പർമാർ ആരെയെങ്കിലും കൊണ്ടായിരിക്കണം. ഇങ്ങനെ ബാർ കൌൺസിൽ മെമ്പർ certify ചെയ്യുന്ന Form A column III യുടെ കൂടേ പ്രാക്ടീസ്

BAR COUNCIL OF KERALA HIGH COURT CAMPUS, COCHIN

ചെയ്യുന്ന കോടതിയിൽ നിന്നും certify ചെയ്തു കിട്ടുന്ന 5 വക്കാലത്തിന്റ ഡീറ്റെയിൽസ് കൂടി അപ്‌ലോഡ് ചെയ്യണം.

4.ഫീസ് ഓൺലൈൻ ആയി അടയ്ക്കുക

5. AIBE എക്സാം പാസ്സ് ആയി അഞ്ചു വർഷം തികഞ്ഞവർ Aibe പാസ്സ് ആയതിന്റെ സർട്ടിഫിക്കറ്റ്.

**Cop അപേക്ഷ ഫയൽ ചെയ്യേണ്ട വിധം**

അപേക്ഷ ഓൺലൈൻ വഴി മാത്രമേ ഫയൽ ചെയ്യാൻ സാധിക്കുകയുള്ളു. അതിനായി അപേക്ഷകർ താഴെ പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതാണ്.

1. ഗൂഗിളിൽ **barcouncilkerala.org** എന്ന് ടൈപ്പ് ചെയ്ത ശേഷം അതിൽ Login എന്നതിൽ ക്ലിക്ക് ചെയ്യുക
2. തുടർന്ന് ഡിസ്പ്ലേ ചെയ്തു വരുന്നതിൽ KYC Registration for Advocates എന്നതിൽ ക്ലിക്ക് ചെയ്ത് നിങ്ങളുടെ Enrollment നമ്പർ എൻട്രി ചെയ്യുക. Enrollment നമ്പറിൽ 6 digit ഉണ്ടാകണം. ഉദാഹരണത്തിന് നിങ്ങളുടെ Enrollment നമ്പർ k/ 25/1925 ആണ് എങ്കിൽ അത് എൻട്രി ചെയ്യുമ്പോൾ **K/000025/1925** എന്ന് എൻട്രി ചെയ്യണം. അതിനു ശേഷം അതിൽ ഡിസ്പ്ലേ ചെയ്തു കാണുന്ന Captcha എന്റർ ചെയ്ത് **Click Proceed** എന്നതിൽ ക്ലിക് ചെയ്യുക.
3. അതിനു ശേഷം വരുന്ന സ്ക്രീനിൽ നിങ്ങളുടെ മൊബൈൽ നമ്പറും ഇമെയിൽ ID യും എന്റർ ചെയ്ത ശേഷം Verify Mobile എന്നതിൽ ക്ലിക്ക് ചെയ്യുക. തുടർന്ന് നിങ്ങളുടെ മൊബൈലിൽ വരുന്ന OTP എൻട്രി ചെയ്ത് **Verify** ബട്ടൺ ക്ലിക്ക് ചെയ്യുക. തുടർന്ന് വരുന്ന സ്ക്രീനിൽ നിങ്ങളുടെ ഡീറ്റെയിൽസ് എൻട്രി ചെയ്യുക. ചുമന്നതായി മാർക്ക് ചെയ്തിട്ടുള്ള **Mandatory** ആയിട്ടുള്ള കാര്യങ്ങൾ എൻട്രി ചെയ്ത ശേഷം **Submit** ബട്ടൺ ക്ലിക്ക് ചെയ്യുക. തുടർന്ന് വരുന്ന പേജിൽ നിങ്ങളുടെ

THE BAR COUNCIL OF KERALA * HIGH COURT CAMPUS, COCHIN-31 *

പാസ്സ്‌വേർഡ് സെറ്റ് ചെയ്ത് അതിലുള്ള Captcha എന്ററർ ചെയ്ത ശേഷം **Activate Account** എന്നതിൽ ക്ലിക്ക് ചെയ്യുക. തുടർന്ന് അഡ്വക്കേറ്റ് പോർട്ടലിൽ **Login** എന്നതിൽ ക്ലിക്ക് ചെയ്ത് ഇമെയിൽ id യും പാസ്സ്‌വേർഡും എന്ററർ ചെയ്ത ശേഷം **Submit** എന്നതിൽ ക്ലിക്ക് ചെയ്യുക.അതിനു ശേഷം സർട്ടിഫിക്കറ്റ് ഓഫ് പ്രാക്ടീസ് അപ്ലിക്കേഷൻ (CoP) സെലക്ട് ചെയ്ത് പാസ്സ് പോർട്ട് സൈസ് ഫോട്ടോഗ്രാഫ് , LLB Degree Certificate, Form A Column 111 ഇവ അപ്‌ലോഡ് ചെയ്യുക. തുടർന്ന് ഓൺലൈൻ ആയി ഫീസ് അടച്ച് Application സബ്‌മിറ്റ് ചെയ്യുക.

Cop അപ്ലിക്കേഷൻ ഓൺലൈൻ വഴി ഫയൽ ചെയ്യുന്നവർക്ക് അവരുടെ LLB സർട്ടിഫിക്കറ്റുകളുടെ വെരിഫിക്കേഷൻ റിപ്പോർട്ട് യൂണിവേഴ്സിറ്റികളിൽ നിന്നും കിട്ടിയതിനു ശേഷമേ COP സർട്ടിഫിക്കറ്റും ഐഡന്റിറ്റി കാർഡും ഇഷ്യൂ ചെയ്യുകയുള്ളൂ . KYC രെജിസ്ട്രേഷൻ നടത്തുന്നതിനുള്ള Guidelines ബാർ കൌൺസിൽ വെബ്സൈറ്റിലും ലഭ്യമാണ്. Form A column 111 certify ചെയ്യുന്നത് ബാർ അസോസിയേഷൻ ഭാരവാഹികൾ ആണ് എങ്കിൽ വക്കാലത്ത് ഡിറ്റെയിൽസ് അപ്‌ലോഡ് ചെയ്യേണ്ടതില്ല.
Cop അപ്ലിക്കേഷൻ ഫയൽ ചെയ്യുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ടെക്നിക്കൽ സപ്പോർട്ട് ആവശ്യം വന്നാൽ താഴെ കൊടുത്തിട്ടുള്ള ഹെൽപ്‌ലൈൻ നമ്പറിൽ കോൺടാക്ട് ചെയ്യാവുന്നതാണ് .

1. 6238533532 –Law Qube
2. 8848108088- Law Qube

THE BAR COUNCIL OF KERALA * HIGH COURT CAMPUS, COCHIN-31 *

Adv. Joseph John

Hony. Secretary